'ഭരണഭാഷ - മാതൃഭാഷ'

തിരുവനന്തപുരം പൊതുമരാമത്ത് വകുപ്പ് ഭരണവിഭാഗം
ചീഫ് എഞ്ചിനീയറുടെ നടപടിക്രമ ഉത്തരവ്

*(ഹാജർ: ജീവരാജ് എം.എൻ.)*

വിഷയം:- പൊ.മ.വ - ജീവനക്കാര്യം - ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ശ്രീ. രഞ്ജിത്ത് സി, ഓഫീസ് അറ്റൻഡന്റ് ഫയൽ ചെയ്ത OA No.979/2017 - വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:-1. 30/10/2017 തീയതിയിലെ CP-217/2017 in OA.979/2017-ലെ വിധിന്യായം.
2. 25/10/2017 തീയതിയിലെ CP-217/2017 in OA.979/2017-ലെ വിധിന്യായം.
3. ഈ ഓഫീസിലെ ഉത്തരവ് നം. ഇഡി3/03/2016(II)തീയതി 10/08/2016.

ഉത്തരവ് നം. ഇഡി3-12726/2016, തീയതി 14/11/2017

പരാമർശം (3) പ്രകാരം കെട്ടിട വിഭാഗം സെക്ഷൻ വടകരയിലേക്ക് സ്ഥലംമാറ്റിയതിനെതിരെ ശ്രീ. രഞ്ജിത്ത്.സി, ഓഫീസ് അറ്റൻഡന്റ് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA 979/2017 ഫയൽ ചെയ്യുകയുണ്ടായി. ഇതിന്മേലുള്ള പരാമർശം (1) ലെ വിധിന്യായത്തിൽ ടിയാനെ ഇലക്ട്രിക്കൽ ഡിവിഷൻ, സിവിൽ സ്റ്റേഷൻ, കോഴിക്കോടുള്ള ഒഴിവിലേക്ക് സ്ഥലംമാറ്റി നിയമിക്കുവാൻ ഉത്തരവായിട്ടുണ്ട്.

പരാമർശം (1) ലെ വിധിന്യായം നടപ്പാക്കുന്നതിന്റെ ഭാഗമായി ശ്രീ. രഞ്ജിത്ത്.സി, ഓഫീസ് അറ്റൻഡന്റിനെ കോഴിക്കോട് ജില്ലയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം ഇലക്ട്രിക്കൽ ഡിവിഷൻ, സിവിൽ സ്റ്റേഷനിലേക്ക് സ്ഥലം മാറ്റം നൽകി ഉത്തരവാകുന്നു. പരാമർശം (1) ലെ വിധിന്യായം ഇപ്രകാരം പാലിച്ച് കൊള്ളുന്നു. ടിയാനെ വിടുതൽ ചെയ്യുന്നതും പുതിയ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിക്കുന്നതും ബന്ധപ്പെട്ട അധികാരികൾ യഥാസമയം അറിയിക്കേണ്ടതാണ്.

ഒപ്പ്/-
ചീഫ് എഞ്ചിനീയർ

വ്യക്തിക്ക് (വെബ്സൈറ്റ് മുഖാന്തിരം)

പകർപ്പ്:-
1. അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, ഇടക്ട്രിക്കൽ ഡിവിഷൻ, കോഴിക്കോട്.
3. അസിസ്റ്റന്റ് എഞ്ചിനീയർ, കെട്ടിട വിഭാഗം സെക്ഷൻ, വടകര.

//നിർദ്ദേശാനുസരണം//

സീനിയർ സൂപ്രണ്ട്

FC1/AM/8763